(ബി) ഇതിൽ ഗാർഡ് തസ്തികയ്ക്ക് മുകളിൽ ഏതെല്ലാം തസ്തികകളാണ് ഉള്ളത് ; ഇതിൽ ഓരോന്നിലും എത്ര പേർ വീതം ജോലി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) ഒഴിവുവന്ന എത്ര തസ്തികകളിൽ നിയമനം നടത്താൻ ബാക്കിയുണ്ട് ;

(ഡി) ഈ അടുത്ത കാലത്ത് എക്സൈസ് ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഓരോ തസ്തികയിലും എത്ര വീതമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് എക്സൈസ് വകുപ്പിന്റെ കീഴിൽ ഇപ്പോൾ 124 എക്സൈസ് റെയിഞ്ചാഫീസുകളും 61 സർക്കിൾ ആഫീസുകളും 14 ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്കാഡ് ആഫീസുകളും 33 എക്സൈസ് ചെക്ക് പോസ്റ്റുകളും ഒരു നാർക്കോട്ടിക് ഇന്റലിജൻസ് ബ്യൂറോയും പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ തിരൂർ റെയിഞ്ച്, തിരൂർ, കുറ്റിപ്പുറം റെയിഞ്ചുകളായി വിഭജിച്ച് ഉത്തരവായിട്ടുണ്ട്.

(ബി&സി) എക്സൈസ് ഗാർഡുമാർക്ക് മുകളിലായി 840 പ്രിവന്റീവ് ആഫീസർമാരുടേയും, 82 അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടേയും, 269 എക്സൈസ് ഇൻസ്പെക്ടർമാരുടേയും 125 സർക്കിൾ ഇൻസ്പെക്ടർമാരുടേയും 23 അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരുടേയും 4 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടേയും തസ്തികകൾ അനുവദിച്ചിട്ടുള്ളതിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ 15 ഉം എക്സൈസ് ഇൻസ്പെക്ടർമാരുടെ 4 ഉം, സർക്കിൾ ഇൻസ്പെക്ടർമാരുടെ 4 ഉം, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരുടെ 3-ഉം ഒഴിവുകളിൽ നിയമനം നടത്താനുണ്ട്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

അന്നപൂർണ്ണ പദ്ധതി

38 (4077) ശ്രീ. ഡി. സുഗതൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി മേഴ്സി രവി :
ശ്രീമതി മാലേത്ത് സരളാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'അന്നപൂർണ്ണ' പദ്ധതി നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ ആനുകൂല്യം എത്ര സീനിയർ സിറ്റിസൺസിന് ലഭിക്കുന്നുണ്ട് ;

(സി) ഈ പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് സീനിയർ സിറ്റിസൺസിന് നൽകി വരുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 40436 പേർക്ക് ഇപ്പോൾ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്.

(സി) ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് പ്രതിമാസം 10 കിലോഗ്രാം അരി വീതം സൗജന്യമായി നൽകി വരുന്നു.

നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന

39 (4078) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അരി, പച്ചക്കറി, പഴവർഗ്ഗങ്ങൾ തുടങ്ങിയ നിത്യോപയോഗ സാധനങ്ങളുടെ വില ഗണ്യമായ തോതിൽ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വിലക്കയറ്റം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് അരി, പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ വിലയിൽ ലോറിസമരം പോലുള്ള ചില സാഹചര്യങ്ങളിൽ നേരിയ ഏറ്റക്കുറച്ചിലുണ്ടാകുന്നതൊഴിച്ചാൽ ഗണ്യമായ വർദ്ധനവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുവിപണിയിലെ വിലക്കയറ്റം ഫലപ്രദമായി തടയുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ 830 മാവേലി സ്റ്റോറുകൾ, 88 സപ്ലൈകോ ലാഭം മാർക്കറ്റുകൾ, 21 മൊബൈൽ മാവേലി സ്റ്റോറുകൾ എന്നിവ വഴി സർക്കാർ നിശ്ചയിക്കുന്ന സബ്സിഡൈസ്ഡ് വിലയ്ക്ക് സാധനങ്ങൾ വിറ്റു വരുന്നുണ്ട്. കൂടാതെ ഓണം, ക്രിസ്തുമസ്, റംസാൻ മുതലായ ഉത്സവ വേളകളിൽ സംസ്ഥാനത്തൊട്ടാകെ ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കുകയും ലോറിസമരം പോലുള്ള അടിയന്തിര ഘട്ടങ്ങളിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും പച്ചക്കറികൾ വാങ്ങി ന്യായവിലയ്ക്ക് വിൽപ്പന നടത്തുകയും ചെയ്യാറുണ്ട്.

നിത്യോപയോഗ സാധനങ്ങളുടെ വിലവിവരം

40 (4079) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിത്യോപയോഗ സാധനങ്ങളുടെ ഓരോന്നിന്റെയും വില എന്തായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly